(ബി) നിലവിലുള്ള അന്തർ സംസ്ഥാന നദീജല കരാറുകളെ ജലനയത്തിലുൾപ്പെടുത്തി ഇവ പുനഃപരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ജല സമ്പത്തിന്റെ കാര്യത്തിൽ കേരളം സമ്പന്നമായിരുന്ന കാലത്തുണ്ടാക്കിയ നദീജല കരാറുകൾ പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ;

(ഡി) കടുത്ത വരൾച്ച മൂലം ഇക്കഴിഞ്ഞ വേനലിൽ കേരളത്തിലെ മിക്കവാറും എല്ലാ നദികളും വറ്റിവരണ്ട സാഹചര്യത്തിൽ ഈ നദീജലക്കരാറുകൾ പുനഃപരിശോധിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1992-ൽ രൂപീകരിച്ച ജലനയം ഇപ്പോൾ നിലവിലുണ്ട്. ഇതു പുതുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജലനയത്തിന്റെ ഭാഗമായി പ്രത്യേകമായ നടപടികൾ ഉദ്ദേശിച്ചിട്ടില്ല.

(സി) നിലവിലുള്ള നദീജല കരാറുകൾ റദ്ദാക്കുന്നതിനോ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ ഒഴികെയുള്ള മറ്റു കരാറുകൾ പുനരവലോകനം ചെയ്യാനോ കരാറുകളിൽ വ്യവസ്ഥയില്ല. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാറിന്റെ പുനരവലോകന നടപടികൾ നടന്നുവരുന്നു. കരാറുകളിൽ ഇല്ലാത്ത കാര്യം ചെയ്യുവാൻ നിയമ തടസമുണ്ട്.

(ഡി) നിലവിലുള്ള കരാറുകൾ റദ്ദാക്കുന്നതിനോ, പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ ഒഴികെയുള്ള മറ്റു കരാറുകൾ പുതുക്കി നിശ്ചയിക്കുന്നതിനോ കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പുനരവലോകന നടപടികൾ ഇപ്പോൾ നടന്നു വരുന്നു.

സ്കൂളുകളിൽ ശുദ്ധജലം എത്തിക്കുന്നതിന് പദ്ധതി

34 [2750] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്കൂളുകളിൽ ശുദ്ധജല വിതരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്;

(ബി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ശുദ്ധജലം എത്തിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി 441 സ്കൂളുകളിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ എല്ലാ സർക്കാർ ഗ്രാമീണ സ്കൂളുകളിലേക്കും ശുദ്ധജലമെത്തിക്കുന്നതിന് കേന്ദ്ര ധനസഹായത്തോടെ നടപ്പാക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു.

നദികളിൽ നിന്നുള്ള മണൽവാരൽ മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

35 [2751] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളിൽ നിന്നുള്ള അനിയന്ത്രിതമായ മണൽ വാരൽ മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മണലിനു പകരം ഉപയോഗിക്കാവുന്ന വസ്തുകളുടെ ഉപയോഗത്തെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അവശ്യം വേണ്ട മണലും ഇപ്പോൾ വിവിധ നദികളിൽ നിന്ന് ലഭ്യമാകുന്ന മണലും തമ്മിലുള്ള വ്യത്യാസം എത്രയെന്ന് കണക്കാക്കുന്ന എന്തെങ്കിലും ശാസ്ത്രീയ പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

മണൽ വാരുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ നടപടി

36 [2752] ശ്രീ. കെ. പി. രാജേന്ദ്രൻ :
,, ബിനോയ് വിശ്വം :
,, എൻ. രാജൻ :
,, എം. കുമാരൻ :
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകളിൽ നിന്ന് അനിയന്ത്രിതമായി മണൽ വാരുന്നതു കാരണം പുഴകളുടെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടുന്നതായും, പുഴകളുടെ ഗതി മാറി പോകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണൽ വാരുന്നതുമൂലം പുഴകളുടെ സൈഡ് തകരുന്നതും കരഭൂമി പുഴയെടുത്തുകൊണ്ടു പോകുന്നതും, പുഴ കവിഞ്ഞൊഴുകുന്നതുമൂലം വന്നിച്ച നാശ നഷ്ടങ്ങളുണ്ടാകുന്നതായി പഠനങ്ങളിൽ വ്യക്തമായിട്ടുണ്ടോ;

(സി) പുഴകളുടെ സംരക്ഷണത്തിനായി ഇപ്പോൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly